# കഥ

# സ്നേഹമരുന്ന്

### വിഷയം

### രോഗപ്രതിരോധം

ഒരിടത്ത് ഒരു ധനികരായ കുടുംബം താമസിച്ചിരുന്നു. അവരുടെ ഏക മകനാണ് സ്റ്റാർവിൻ. ഒരുപാട് പണവും പണ്ടവും ഉണ്ടെന്നുള്ളതിന്റെ അഹങ്കാരമായിരുന്നു അവന്റെ പ്രധാന ദുശ്ശീലങ്ങളിൽ ഒന്ന്.

മറ്റൊന്ന് പുകവലിയും മദ്യപാനവും. മൂന്നു പേരടങ്ങുന്ന കുടുംബമായിരുന്നു അവരുടേത്. അതിൽ അച്ഛൻറെ ബിസിനസ്സിൽ നിന്ന് ലഭിക്കുന്ന വരുമാനത്താൽ ആണ് അവർ കഴിഞ്ഞുകൂടുന്നത്. അച്ഛൻറെ വരുമാനത്താൽ സ്റ്റാർവിൻ കൂട്ടുകാരുമൊത്ത് നാടായ നാടെല്ലാം കറങ്ങിനടന്നു. അങ്ങനെയിരിക്കെ സ്റ്റാർവിന്റെ അച്ഛൻ സ്റ്റാർവിന് ഒരു കല്യാണം ആലോചിച്ചു. ആ കല്യാണം ഉറച്ചതിനാൽ സ്റ്റാർവിൻ തൻറെ കൂട്ടുകാരുമൊത്തുള്ള കറക്കം അവസാനിപ്പിച്ചു. വിവാഹശേഷം അവർക്ക് ഒരു കുട്ടിയും ജനിച്ചു, പേര് "ക്ലാറ". എന്നാൽ എല്ലാ സന്തോഷങ്ങൾക്കിടയിലും ഒരു ദുഃഖം ഒളിഞ്ഞിരിപ്പുണ്ട്. സ്റ്റാർവിൻ വീണ്ടും കൂട്ടുകാരുമൊത്ത് കറക്കം തുടങ്ങി. അതോടെ ആകെ കുഴപ്പമായി. മദ്യപിച്ച് ലക്കുകെട്ടാ യിരിക്കും വീട്ടിൽ എത്തുക. എന്നിട്ട് ഒരു

കാരണവുമില്ലാതെ തല്ലും. സ്റ്റാർവിന്റെ ഭാര്യ ഒരു പാവം ആയതുകൊണ്ട് അവൾ അത് ആരോടും പറഞ്ഞില്ല. അങ്ങനെയിരിക്കെ ഒരു ദിവസം സ്റ്റാർവിന്റെ അച്ഛൻ മരണപ്പെട്ടു. കുടുംബവരുമാനം ഇല്ലാതായി. അങ്ങനെ വീട് വിറ്റു. അതിനിടയിൽ സ്റ്റാർവിന്റെ അമ്മയും മരണപ്പെട്ടു. സ്റ്റാർവിൻറെ ശീലക്കേടുകൾ മനസ്സിലാക്കിയ ഭാര്യവീട്ടുകാർ അവരെ വിളിച്ച് കൊണ്ടുപോയി. സ്റ്റാർവിൻ ഏകനായി. എന്നാലും കിട്ടുന്ന പണിക്കെല്ലാം പോയി. ആ കാശിന് മദ്യപിച്ച് ലക്കുകെട്ടു നടക്കും. കാലം കടന്നു പോയി. ക്ലാറ പഠിച്ച് വലിയ ഡോക്ടറായി. അങ്ങനെയിരിക്കെ ഒരു ദിവസം കാൻസർ വാർഡിലെ രോഗികളെ പരിശോധിക്കുന്നതിനിടയിൽ തീർത്തും മെലിഞ്ഞുണങ്ങി അവശനായ ഒരു വൃദ്ധനെ കണ്ടു. അയാൾക്ക് കാൻസർ ആണ്. കൂടാതെ വൃക്കകൾ തകരാറിലാണ്. രണ്ടുപ്രാവശ്യം ഹാർട്ടറ്റാക്ക് വന്നതാണ്. കയ്യിൽ പണവുമില്ല. പെട്ടെന്ന് ക്ലാരയുടെ കണ്ണിൽ നിന്നും കണ്ണീർ അലതല്ലി ഇറങ്ങി. ഡോക്ടർ എന്തിനാണ് കരയുന്നത് എന്നറിയാതെ അയാൾ അന്തം വിട്ടു നോക്കി നിന്നു. എല്ലാ ഡോക്ടർമാരും അയാളെ കയ്യൊഴിഞ്ഞു. തൻറെ ചിലവിൽ അദ്ദേഹത്തെ ചികിത്സിക്കാം എന്ന് ക്ലാറ ഏറ്റു. അപ്പോൾ അയാൾ ക്ലാറയോട് പറഞ്ഞു: "വേണ്ട മോളെ, അത് മോൾക്ക് ബുദ്ധിമുട്ടാകും. അതുമാത്രമല്ല ഞാൻ ഇതെല്ലാം അനുഭവിക്കേണ്ടവനാണ്.അത്രമാത്രം ക്രൂരതകൾ ഞാൻ കാട്ടിയിട്ടുണ്ട്." അപ്പോഴേക്കും അയാളുടെ കണ്ണിൽ നിന്നും കണ്ണുനീർ പൊഴിഞ്ഞു. സൗമ്യമായ ഒരു പുഞ്ചിരിയാൽ ക്ലാറ പറഞ്ഞു;"കഴിഞ്ഞതെല്ലാം താങ്കൾ ഒരു പാഠമായി കാണണം.

അതെല്ലാം ഇപ്പോൾ ഓർത്തിട്ട് എന്തുകാര്യം".അങ്ങനെ കഠിനമായ യാതനകൾക്കൊടുവിൽ അയാളുടെ രോഗം ഭേദമായി. കണ്ണുതുറന്ന ഉടൻ അയാൾ ഡോക്ടറെ തിരക്കി. ക്ലാറ ഓടിയെത്തി. അയാൾ പറഞ്ഞു; "ഒരു പരിചയവുമില്ലാത്ത എന്നെ ഇത്രയും സഹായിച്ച മോൾക്ക് നല്ലതേ വരൂ".അപ്പോൾ ക്ലാറ പറഞ്ഞു; "എന്നെപ്പോലെ പാവങ്ങളെ സഹായിക്കുന്ന ഡോക്ടർമാർ ഒരുപാട് ഉണ്ടാകും. എന്നാൽ അവരാരും താങ്കളെ എന്നോളം സ്നേഹിക്കില്ല. കാരണം അവർ അവരുടെ അച്ഛനെയല്ലല്ലോ ശുശ്രൂഷിക്കുന്നത്". അയാൾ ഒന്നു ഞെട്ടി. എന്നിട്ട് ഡോക്ടറുടെപേര് അറിഞ്ഞപ്പോൾ ഒരു കോരിത്തരിപ്പോടെ അയാൾ ക്ലാറയെ പുണർന്നു. എന്നിട്ട്; "മോളെ" എന്ന് വിളിച്ചു കരയാൻ തുടങ്ങി. താൻ ഇത്രയേറെ ദ്രോഹിച്ച തൻ്റെ മകൾ തന്നെ സ്നേഹിക്കുന്നല്ലോ എന്നോർത്ത് അയാൾ കരഞ്ഞു. എന്നിട്ട് പറഞ്ഞു; " നമുക്ക് ഏതു വലിയ രോഗവും അതിജീവിക്കാം. എന്നാൽ ആ രോഗിക്കു നൽകുന്ന മരുന്നിൽ സ്നേഹം എന്ന മരുന്ന് ഉണ്ടെങ്കിൽ മാത്രം."

ഇതിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നത് മറ്റൊന്നുമല്ല. നമുക്ക് എല്ലാ രോഗങ്ങളും അതിജീവിക്കാം സ്നേഹം എന്ന മരുന്നാൽ. ആ മരുന്ന് എന്നെങ്കിലും നമ്മളെ വിട്ടകന്നാൽ മടക്കമില്ലൊരിക്കലും.

ചാരുത അനീഷ് ദേവർ

6 A1